©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ഫെബ്രുവരി 02
02nd February 2026
1201 മകരം 19
19th Makaram 1201
1947 മാഘം 13
13th Magha 1947

നമ്പർ
No.
409

1961- ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) - ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം

KIF2LA/67/2025-LA4

തിരുവനന്തപുരം, 2026 ജനുവരി 7

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിൽ കല്ലിയൂർ വില്ലേജിൽ ഉൾപ്പെട്ടതും , താഴെ വിവരിക്കുന്ന സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ടു വരുന്നതുമായ ഭൂമി വെള്ളായണി പാലം നിർമ്മിക്കുന്നതിനായി പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച് സർവ്വെ ചെയ്യുവാൻ സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ 1961 ലെ കേരള സർവ്വെ അതിരടയാള ആക്ട് സെക്ഷൻ 6(1) പ്രകാരം പരസ്യപ്പെടുത്തുന്ന വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സെക്ഷൻ 6 (1) പ്രകാരം പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം, സർവ്വെ ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഭൂമിയിലോ, അതിർത്തികളിലോ വല്ല അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസാണെന്ന് കരുതപ്പെടേണ്ടതാണ് (സെക്ഷൻ 6(2)).

കൂടാതെ അപ്രകാരമുള്ള പരസ്യം മൂലം സർവ്വെ ചെയ്യാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഭൂമിയിലോ, അതിർത്തികളിലോ അവകാശബന്ധമുള്ള ഏതൊരാളോടും അയാൾ രജിസ്റ്റർ ചെയ്യപ്പെട്ട കൈവശക്കാരനായിരുന്നാലും അല്ലെങ്കിലും (സെക്ഷൻ 6 (3)).

(എ) സർവ്വെ ചെയ്യുന്നതിന് വെടിപ്പാക്കേണ്ടത് ആവശ്യമായേക്കാവുന്ന അതിർത്തികളോ മറ്റ് അടയാളങ്ങളോ ഒരു നിർദ്ദിഷ്ട കാലത്തിനകം ഏതെങ്കിലും മരങ്ങളോ, കാടുകളോ, വേലികളോ, കൊയ്യാത്ത വിളകളോ മറ്റ് സാരമായ തടസ്സങ്ങളോ, മുറിച്ചോ നീക്കം ചെയ്തോ വെടിപ്പാക്കുന്നതിനും.

(ബി) കൊടിപിടിക്കേണ്ടവരേയും, ചങ്ങല പിടിക്കേണ്ടവരേയും അപ്പപ്പോൾ ആവശ്യപ്പെടുന്ന സമയത്തും കാലഘട്ടങ്ങളിലും ഏർപ്പെടുത്തി കൊടുത്തു ജോലികൾ ചെയ്യിക്കുന്നതിനും.

(സി) തക്കതായ സർവ്വെ അടയാളങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ ആക്ട് അതനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം സർവ്വെ സംബന്ധിച്ച് ആവശ്യപ്പെടാവുന്ന സഹായം മറ്റ് പ്രകാരത്തിൽ ചെയ്തു കൊടുക്കുന്നതിനും ആവശ്യപ്പെടേണ്ടതാണ്.

ആരെങ്കിലും 6 (3) ഉപവകുപ്പ് (എ), (ബി) അല്ലെങ്കിൽ (സി) എന്ന ഖണ്ഡിക പ്രകാരം ഒരു സർവ്വെ ഓഫീസർ ആവശ്യപ്പെടുന്ന വല്ലതും അനുസരിച്ച് പ്രവർത്തിക്കുവാൻ വീഴ്ച ചെയ്യുന്നതായാൽ സർവ്വെ ഓഫീസർക്ക് സർവ്വേയ്ക്ക് വേണ്ട കൂലിക്കാരെ സ്വയം ഏർപ്പെടുത്താവുന്നതാണ് (സെക്ഷൻ 6 (4)).

അങ്ങനെയുള്ള സംഗതികളിൽ കൂലിക്കാരെ ഏർപ്പെടുത്തിയതിനും സർവ്വെ അടയാളങ്ങൾ ഉപയോഗിച്ചതിനും ഉള്ള ചെലവ് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ തീർച്ചപ്പെടുത്തുന്നതിനും സർവ്വെ ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിച്ച ഭൂമിയിലോ അതിന്റെ അതിർത്തികളിലോ വല്ല അവകാശ ബന്ധമുള്ള ആളുകൾക്ക് വീതിക്കുന്നതും, അവരിൽ നിന്ന് ഭൂമികുതി കുടിശ്ശിക എന്ന പോലെ അത് ഈടാക്കുന്നതും ആകുന്നു. അങ്ങനെ തീർച്ചപ്പെടുത്തുന്നതും വീതിക്കുന്നതും സംബന്ധിച്ച നോട്ടീസ് മുൻപറഞ്ഞ ആളുകൾക്ക് നിർണ്ണയിക്കപ്പെടുന്ന രിതിയിൽ കൊടുക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

താലൂക്ക് : തിരുവനന്തപുരം വില്ലേജ് : കല്ലിയൂർ

ക്രമ നം.	താലൂക്ക്	വില്ലേജ്	ബ്ലോക്ക് നമ്പർ	സർവ്വേ നമ്പർ
1	തിരുവനന്തപുരം	കല്ലിയൂർ	27	576/4
2			27	578/14
3			28	521/1

വഞ്ചിയൂർ

തിരുവനന്തപുരം

(ഒപ്പ്/-)
സ്പെഷ്യൽ തഹസിൽദാർ (എൽ എ)
കിഫ്ബി യൂണിറ്റ് -2 , തിരുവനന്തപുരം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.02 07:16:10 +05:30